# ഹയർ സെക്കൻഡറി വിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമങ്ങൾ
# ഹൗസിങ് ബോർഡ് ബിൽഡിങ്സ്, ശാന്തിനഗർ, തിരുവനന്തപുരം.

വിഷയം: ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - തെരഞ്ഞെടുത്ത ഹയർ സെക്കന്ററി സ്കൂൾ അധ്യാപകരെ കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷനിൽ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ മാസ്റ്റർ ട്രെയിനർമാരായി നിയോഗിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നമ്പർ.എസിഡി.എസ്പിസി(4)/119457/2018/എച്ച്എസ്ഇ തീയതി : 26.10.2018**

---

പരാമർശം :
1. സ.ഉ. (സാധാ) നമ്പർ 3732/16/പൊ.വി.വ. തീയതി 07.11.2016.
2. ഐ.ടി.@സ്കൂൾ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 14.07.2017 ലെ ഐ.ടി.എസ്./2017/1235(14) നമ്പർ കുറിപ്പും അതിൽ പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ 17.07.2017 ലെ ഉത്തരവും.
3. കൈറ്റ് വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടറുടെ 25.09.2018 ലെ KITE/2018/1235(12) നമ്പർ കത്ത്.
4. കൈറ്റ് വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടറുടെ 25.09.2018 ലെ KITE/2018/1235(34) നമ്പർ കത്ത്.
5. കൈറ്റ് വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടറുടെ 12.10.2018 ലെ KITE/2018/1235(35) നമ്പർ കത്ത്.
6. കൈറ്റ് വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടറുടെ 26.10.2018 ലെ KITE/2018/1235(37) നമ്പർ കത്ത്.
7. ഈ ഓഫീസിലെ 13/09/2017, 12/10/2017 എന്നീ തീയതികളിലെ എഡി.സി6/81164/ ഹ.സെ.വ./2017 നമ്പർ ഉത്തരവുകൾ.

## ഉത്തരവ്

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായുള്ള ഹൈടെക് സ്കൂൾ പദ്ധതി ഹയർ സെക്കന്ററി തലത്തിലും നടപ്പിലാക്കുന്നതിന് പരാമർശത്തിലെ സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഇത് ഫലപ്രദമായി നടപ്പിലാക്കുന്നതിന് ഹയർ സെക്കന്ററി മേഖലയിലെ ഉദ്യോഗസ്ഥരുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണെന്ന് പരാമർശം 2 പ്രകാരം പൊതുവിദ്യാഭ്യാസ സെക്രട്ടറി ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിജ്ഞാപനം പുറപ്പെടുവിക്കുകയും പ്രായോഗിക പരീക്ഷയും അഭിമുഖവും നടത്തി യോഗ്യത നേടിയ അധ്യാപകരെ മാസ്റ്റർ ട്രെയിനർമാരായി നിയോഗിക്കുന്നതിന് പരാമർശം 3 പ്രകാരം കൈറ്റ് വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ കത്ത് നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ അനുബന്ധമായി ചേർത്തിരിക്കുന്ന പട്ടികയിലെ അധ്യാപകരെ കൈറ്റിൽ മാസ്റ്റർ ട്രെയിനർമാരായി ഒരു വർഷത്തേക്ക് വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയോഗിച്ചു കൊണ്ട് ഉത്തരവാകുന്നു.

ഉത്തരവിൽ പ്രതിപാദിച്ചിരിക്കുന്ന അധ്യാപകരെ മാസ്റ്റർ ട്രെയിനർമാരായി കൈറ്റിന്റെ പ്രവർത്തനങ്ങൾക്ക് നിയോഗിക്കുന്നതിനും മാസ്റ്റർ ട്രെയിനർമാരുടെ പ്രവർത്തനങ്ങൾ അതത് കാലയളവിൽ നിർദ്ദേശിക്കുന്നതിനും കൈറ്റ് വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. കൈറ്റിൽ നിലവിൽ പ്രവർത്തിക്കുന്ന മാസ്റ്റർ ട്രെയിനർമാർക്ക് ബാധകമായ എല്ലാ നിയമങ്ങളും സേവന-വേതന വ്യവസ്ഥകളും ഈ ഉത്തരവിൽ പ്രതിപാദിച്ചിരിക്കുന്നവർക്കും ബാധകമാണ്.

| ക്രമ നം. | പേര് | ഗവ. സ്കൂൾ വിലാസം |
|---|---|---|
| 1. | ശ്രീമതി. സോഫിയ എസ്. | ഗവ. മോഡൽ ബി.എച്ച്.എസ്.എസ്. ചാല, തിരുവനന്തപുരം |
| 2. | ശ്രീ. സജിത്ത് വി.എസ്. | ജി.എച്ച്.എസ്.എസ്. ഏരൂർ, കൊല്ലം |
| 3. | ശ്രീ. ശാന്തകുമാർ ആർ. | മുഹമ്മദൻ ജി.എച്ച്.എസ്.എസ്. എടത്തറ, കൊല്ലം |
| 4. | ശ്രീ. അനി മുഹമ്മദ് കെ. | ജി.എച്ച്.എസ്.എസ്. വയല, കൊല്ലം |

| | | |
|---|---|---|
| 5. | ശ്രീ. മുഹമ്മദ് ഷെഫീഖ് | ജി.എച്ച്.എസ്.എസ്. കരുനാഗപ്പള്ളി, കൊല്ലം |
| 6. | ശ്രീ. സജിത്ത് ടി. | എസ്.എൻ.എം. ജി.ബി.എച്ച്.എസ്.എസ്.ചേർത്തല, ആലപ്പുഴ |
| 7. | ശ്രീ. ഉണ്ണിക്കൃഷ്ണൻ എം.ജി. | എസ്.സി.യു. ജി.എച്ച്.എസ്.എസ്. പട്ടണക്കാട്, ആലപ്പുഴ |
| 8. | ശ്രീ. സിജു ആർ. | ജി.എച്ച്.എസ്.എസ്. ടി.വി.പുരം, കോട്ടയം |
| 9. | ശ്രീ. പയസ് ഫിലിപ്പ് | ജി.എച്ച്.എസ്.എസ്. കല്ലാർ, ഇടുക്കി |
| 10. | ശ്രീമതി. ബുഷ്റ വി.എം. | ജി.എച്ച്.എസ്.എസ്. ചുണ്ടംപേട്ട, പാലക്കാട് |
| 11. | ശ്രീ. രത്നകുമാർ എം.വി. | ജി.എച്ച്.എസ്.എസ്. പാണ്ടിക്കാട്, മലപ്പുറം |
| 12. | ശ്രീ. പ്രസാദ് പി.ജി. | ജി.എച്ച്.എസ്.എസ്. കോട്ടായി, പാലക്കാട് |
| 13. | ശ്രീമതി. കവിത ആർ.എൻ. | ഗവ. ഫിഷറീസ് എച്ച്.എസ്.എസ്. പുതിയാപ്പ, കോഴിക്കോട് |
| 14. | ശ്രീ. സക്കീർ ഹുസൈൻ എൻ. | ജി.എച്ച്.എസ്.എസ്. കുന്നക്കാവ്, മലപ്പുറം |
| 15. | ശ്രീ. മുഹമ്മദ് ഷറീഫ് .കെ | ജി.എച്ച്.എസ്.എസ്. ഇരുമ്പിളിയം, മലപ്പുറം |

| ക്രമ നം. | പേര് | എയ്ഡഡ് സ്കൂൾ വിലാസം |
|---|---|---|
| 16. | ശ്രീ. അരുൺ കെ.എം. | കെ.വി.സാൻസ്ക്രിറ്റ് എച്ച്.എസ്.എസ്. മുതുകുളം, ആലപ്പുഴ |
| 17. | ശ്രീ. രവികുമാർ പി. | എച്ച്.എസ്.എസ്. ശ്രീകൃഷ്ണപുരം, പാലക്കാട് |
| 18. | ശ്രീ. ഉണ്ണി കെ.ജി. | എസ്.എൻ.എച്ച്.എസ്.എസ്. അയ്യപ്പൻകാവ്, എറണാകുളം |

| **നിലവിൽ കൈറ്റിൽ സേവനകാലാവധി ദീർഘിപ്പിക്കേണ്ട അദ്ധ്യാപകർ** | | | |
|---|---|---|---|
| ക്രമ നം. | പേര് | ഗവ. സ്കൂൾ വിലാസം | സേവന കാലാവധി അവസാനിച്ച തീയതി |
| 19. | ശ്രീ. രാജീവ് എം.സി. | എസ്.എം.വി. ഗവ.മോഡൽ എച്ച്.എസ്.എസ്. തിരുവനന്തപുരം | 12/09/2018 |
| 20. | ശ്രീമതി.ഗ്രേസമ്മ.ഡി. | പാലിയം ജി.എച്ച്.എസ്.എസ്, ചേന്ദമംഗലം, എറണാകുളം | 12/09/2018 |
| 21. | ശ്രീമതി.മഞ്ജുഷ.എ. | ജി.ബി.എച്ച്.എസ്.എസ്. പറയഞ്ചേരി, പുതിയറ, കോഴിക്കോട് | 11/10/2018 |

ക്രമനമ്പർ 19 മുതൽ 21 വരെയുള്ള അദ്ധ്യാപകരുടെ സേവനകാലാവധി തുടർന്നും ലഭ്യമാക്കണമെന്ന് കൈറ്റ് എക്സിക്യൂട്ടീവ് ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ.രാജീവ്.എം.സി.യുടെ സേവനകാലാവധി 13/09/2018 മുതൽ മുൻകാല പ്രാബല്യത്തോടെ ടിയാന്റെ സേവനം ഒരു വർഷത്തേക്ക് ദീർഘിപ്പിക്കുന്നു.

ശ്രീമതി. ഗ്രേസമ്മ.ഡി.യുടെ സേവനകാലാവധി 13/09/2018 മുതൽ മുൻകാല പ്രാബല്യത്തോടെ വിരമിക്കൽ തീയതിയായ 31/03/2019 വരെ ദീർഘിപ്പിക്കുന്നു.

ശ്രീമതി. മഞ്ജുഷ.എ. യുടെ സേവനകാലാവധി 12/10/2018 മുതൽ മുൻകാല പ്രാബ്യലത്തോടെ ടിയാളുടെ സേവനം ഒരു വർഷത്തേയ്ക്ക് ദീർഘിപ്പിക്കുന്നു.

ടി ഉത്തരവിൽ പരാമർശിച്ചിട്ടുള്ളതും ബഹു: ഹൈക്കോടതിയുടെ ഉത്തരവു പ്രകാരം പ്രസിദ്ധീകരിച്ച ട്രാൻസ്ഫർ ലിസ്റ്റിൽ ഉൾപ്പെട്ട ഹയർ സെക്കൻഡറി അദ്ധ്യാപകർ സ്ഥലം മാറ്റം ലഭിച്ച സ്കൂളുകളിൽ നിന്നും റിലീവ് ചെയ്യേണ്ടതാണ്.

മാസ്റ്റർ ട്രെയിനർമാരായി നിയോഗിക്കുന്ന എയ്ഡഡ് സ്കൂൾ ഹയർ സെക്കൻഡറി അദ്ധ്യാപകരെ ബന്ധപ്പെട്ട പ്രിൻസിപ്പൽമാർ നിരാക്ഷേപ സാക്ഷ്യപത്രം നൽകി ഉത്തരവിനു വിധേയമായി വിടുതൽ ചെയ്യേണ്ടതും ആയത് സംബന്ധിച്ച വിവരം ബന്ധപ്പെട്ട മേഖലാ ഉപഡയറക്ടർമാരെ അറിയിക്കേണ്ടതുമാണ്.

മാസ്റ്റർ ട്രെയിനർമാരായി നിയോഗിക്കുന്ന ഈ ലിസ്റ്റിലുള്ള അധ്യാപകർക്കു പകരം അവരുടെ സ്കൂളുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ യോഗ്യരായ ഗസ്റ്റ് അധ്യാപകനെ/ അധ്യാപികയെ നിയമിക്കാൻ പ്രിൻസിപ്പാളിന് നിർദ്ദേശം നൽകി ഉത്തരവാകുന്നു. ഗസ്റ്റ് അധ്യാപകരുടെ ശമ്പളം കൈറ്റിൽ നിന്നും വഹിക്കേണ്ടതാണ്. ഇവരുടെ ശമ്പളം മാറി നൽകുന്നതിനുള്ള നടപടി പ്രിൻസിപ്പാൾ സ്വീകരിക്കേണ്ടതാണ്.

**ഒപ്പ്**
**പി.കെ.സുധീർബാബു ഐഎഎസ്**
**ഡയറക്ടർ**

പകർപ്പ് :

1. വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്
2. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഹയർ സെക്കൻഡറി വിദ്യാഭ്യാസം
3. ഉത്തരവിൽ പ്രതിപാദിച്ചിരിക്കുന്ന എല്ലാ അധ്യാപകർക്കും
4. ഉത്തരവിൽ പ്രതിപാദിച്ചിരിക്കുന്ന സ്കൂളുകളിലെ എല്ലാ പ്രിൻസിപ്പാൾമാർക്കും
5. എല്ലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
6. എ.ജി. (എ&ഇ) തിരുവനന്തപുരം
7. ബന്ധപ്പെട്ട ഡി.ടി.ഒ./എസ്.ടി.ഒ.
8. കരുതൽ ഫയൽ/അധികം

അംഗീകാരത്തോടെ,
Reymon
സൂപ്രണ്ട്